സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**R.O.C. No. 7354/24/CA**

**ദേവസ്വം ബോർഡ് ആഫീസ്,**
**തിരുവനന്തപുരം, 16/10/2024**

**ദേവസ്വം കമ്മീഷണർ**

വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകൃതമായതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നത് സംബന്ധിച്ച്

സൂചന : സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ 15/10/2024 ലെ 80/24/സി.എ 1 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകൃതമായതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നത് സംബന്ധിച്ച് 14/10/2024 ന് ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിന്റെ മിനിട്സ് ഇതു സഹിതം ചേർത്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
**സെക്രട്ടറി**

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് :

1. ചീഫ് എഞ്ചിനീയർ (ആ ആഫീസിന്റെ പരിധിയിൽ വരുന്ന ഉദ്യോഗസ്ഥർക്ക് അറിയിപ്പ് നൽകേണ്ടതാണ്)
2. തിരുവാഭരണം കമ്മീഷണർ
3. ലാ ആഫീസ്
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. സ്പെഷ്യൽ തഹസിൽദാർ, ഭൂസംരക്ഷണ വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
7. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
8. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
9. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
10. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
11. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, (ഫിനാൻസ് ഇൻസ്പെക്ഷൻ)
12. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13. ലെയ്സൺ ആഫീസർ
14. പബ്ലിക്ക് റിലേഷൻസ് ആഫീസർ
15. PS to Hon'ble President
16. ഐ.റ്റി ഡിവിഷൻ
17. മിനിട്സ് സെക്ഷൻ
18. ഫയൽ ബുക്ക്
19. സെക്ഷൻ ഫയൽ
20. ആഫീസ് കോപ്പി

**R.O.C. No. 7354/24/CA**

**തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകൃതമായതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നത് സംബന്ധിച്ച് 14/10/2024 ന് വൈകുന്നേരം 4.30 ന് നന്ദൻകോട് ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.**

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ.പി.എസ്.പ്രശാന്ത് അവർകളുടെ അദ്ധ്യക്ഷതയിലും ബഹുമാന്യ ബോർഡ് അംഗങ്ങളായ ശ്രീ.ജി.സുന്ദേരശൻ, അഡ്വ.എ.അജികുമാർ എന്നിവരുടെയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീമതി.എസ്.ബിന്ദു എന്നിവർക്ക് പുറമെ ചുവടെ വിവരിക്കുന്നവർ പങ്കെടുത്തു.

1. ശ്രീ.പ്രകാശ്, ദേവസ്വം കമ്മീഷണർ
2. ശ്രീ.രഞ്ജിത്ത്.കെ.ശേഖർ, ചീഫ് എഞ്ചിനീയർ
3. ശ്രീ.ആർ.രജിലാൽ, ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
4. ശ്രീ.ഒ.ജി.ബിജു, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകൃതമായതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് ബോർഡ് ആസ്ഥാനത്ത് ബഹു.കേരള മുഖ്യമന്ത്രി പങ്കെടുക്കുന്ന ആഘോഷ പരിപാടിയുടെ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തതിൽ ചുവടെ വിവരിക്കും പ്രകാരം തീരുമാനം കൈക്കൊണ്ടു.

1. 23/10/2024 ബോർഡ് ആസ്ഥാനത്ത് 4 പി.എം ന് നടക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കുന്നതിന് സ്ഥലം എം.പി, എം.എൽ.എ, കൗൺസിലർ, റവന്യു (ദേവസ്വം) സെക്രട്ടറി, മുൻ ബോർഡ് പ്രസിഡന്റുമാർ മുൻ ബോർഡ് മെമ്പർമാർ മറ്റ് പ്രമുഖർ എന്നിവർക്ക് അറിയിപ്പ് നൽകുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.
2. പ്രസ്തുത പരിപാടിയുടെ കോഡിനേറ്റർമാരായി സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് ഇൻസ്പെക്ഷൻ), പബ്ലിക്ക് റിലേഷൻസ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.
3. ടി പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് വിപുലമായ ക്രമീകരണങ്ങൾ മരാമത്ത് വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ ആരംഭിക്കേണ്ടതും ആയതിലേയ്ക്കായി അടിയന്തിരത്തിൽ, കോമ്പൗണ്ട് വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

4. കോമ്പൗണ്ടിൽ 600 പേരെ ഉൾക്കൊള്ളുന്ന വിപുലമായ പന്തൽ ക്രമീകരിക്കുന്നതിനും ആയതിന് ആവശ്യമായ പുഷ്പാലങ്കാരം, വൈദ്യുത ദീപാലങ്കാരം, ഡിപ്പാർട്ട്മെന്റിന്റെ ലഘു ചരിത്ര പ്രദർശനം എന്നിവയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

5. ദേവസ്വം ആസ്ഥാനത്ത് ഒരാഴ്ചത്തെ ഇല്യൂമിനേഷൻ ചെയ്യുന്നതിനും പ്രവേശന കവാടത്തിൽ ആർച്ച് ക്രമീകരിക്കുന്നതിനും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

6. പ്രസ്തുത പരിപാടിയുടെ പ്രചരണത്തിനായി ആദ്യഘട്ടം 2000 നോട്ടീസ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

7. സൗണ്ട്സിസ്റ്റം ഏർപ്പാടാക്കുന്നതിന് ും സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

8. കലാപീഠം അദ്ധ്യാപകനും വയലിൽ വിദ്വാനുമായ മല്ലേരി ബിജുവിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ ഏർപ്പെടുത്തുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

9. ആയതിലേയ്ക്ക് ഓപ്പറേറ്റർമാർക്ക് താമസസൗകര്യം ആവശ്യമെങ്കിൽ രണ്ട് റൂം ഏർപ്പെടുത്തുന്നതിനും സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

10. ബോർഡ് ആസ്ഥാനത്തും സമീപ പ്രദേശങ്ങളിലും 10 ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

11. എല്ലാ ഡിപ്പാർട്ട്മെന്റ് ക്ഷേത്രങ്ങളിലും ഉപദേശകസമിതിയുടെ സ്പോൺസർഷിപ്പിലൂടെ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് നിർദ്ദേശം നൽകുന്നതിനും ആയത് അടിയന്തിരത്തിൽ ഡിസൈൻ ചെയ്യുന്നതിനും സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

12. അന്നേ ദിവസം 2 പി.എം മുതൽ കലാപരിപാടികൾ ആരംഭിക്കേണ്ടതും ആയതിലേയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

13. ഡിപ്പാർട്ട്മെന്റിന്റെ ലഘു ചരിത്ര പ്രദർശനം നടത്തുന്നതിനും ആയതിന്റെ ഉള്ളടക്കം തയ്യാറാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാംസ്കാരിക പുർാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

14. പ്രസ്തുത പരിപാടിയുടെ സ്വീകരണ വേളയിൽ അതിഥികൾക്ക് നൽകാനുള്ള പുസ്തകം തെരഞ്ഞെടുക്കുന്നതിനും ആയത് ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

15. പ്രസ്തുത ദിവസം പരിപാടിയിൽ പങ്കെടുക്കുവന്നവർക്ക് ചായ, ലഘു ഭക്ഷണം എന്നിവ ഏർപ്പാടാക്കുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തു ന്നതിന് തീരുമാനിച്ചു.

16. പ്രസ്തുത പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർക്ക് അറി യിപ്പ് നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

17. പ്രസ്തുത പരിപാടിയിൽ ദേവസ്വം ആസ്ഥാനത്തെയും തിരുവനന്തപുരം ഗ്രൂപ്പിലെയും എല്ലാ ജീവനക്കാരും ക്ഷേത്രജീവനക്കാരും സ്കൂൾ കോളേജ് പ്രിൻസിപ്പൽമാരും അവരുടെ ഡ്യൂട്ടിയ്ക്ക് തടസം വരാത്ത തരത്തിൽ പങ്കെടുക്കുന്നതിനും എല്ലാവരും കേരളീയവേഷം ധരിക്കേണ്ടതാണെന്ന നിർദ്ദേശം നൽകുന്നതിനും ദേവസ്വം കമ്മീഷണറെ ചുമതലപ്പെടു ത്തുന്നതിന് തീരുമാനിച്ചു.

18. വൈക്കം, ആറ്റിങ്ങൽ ക്ഷേത്ര കലാപീഠങ്ങളിലെ വിദ്യാർത്ഥികളുടെ പഞ്ചവാദ്യം അവതരി പ്പിക്കുന്നതിനും ടിയാന്മാരെ വാഹനത്തിൽ കൊണ്ട് വരുന്നതിനും ആവശ്യമായ ക്രമീകര ങ്ങൾ ഏർപ്പെടുത്തുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെ ടുത്തുന്നതിന് തീരുമാനിച്ചു.

19. പ്ലാറ്റിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് 15/10/2024 വൈകുന്നേരം 3 ന് എക്സി ക്യൂട്ടീവ് എഞ്ചിനീയർമാർ, ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ഓൺലൈൻ മീറ്റിംഗ് ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

20. 21/10/2024 ൽ പ്രസ്സ് മീറ്റിംഗ് നടത്തുന്നതിന് ആവശ്യമായ അറിയിപ്പ് നടത്തുന്നതിന് പബ്ലി ക്ക് റിലേഷൻസ് ആഫീസറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

21. പ്ലാറ്റിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് യോഗതീരുമാനങ്ങൾ ഉൾപ്പെടുത്തി സർക്കുലർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്ന തിന് തീരുമാനിച്ചു.

22. ദേവസ്വം ബോർഡിന്റെ എല്ലാ ഗ്രൂപ്പുകളിലെയും ജീവനക്കാരും ക്ഷേത്രകാര്യങ്ങൾക്ക് വിഘ്നം വരുത്താതെ പങ്കെടുക്കേണ്ടതും പങ്കെടുക്കുന്ന ജീവനക്കാർക്ക് അന്നേദിവസം ഡ്യൂട്ടിയായി പരിഗണിയ്ക്കുന്നതിനും തീരുമാനിച്ചു.

23. തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ കീഴിൽ വരുന്ന 5 ഗ്രൂപ്പുക ളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ക്ഷേത്രകാര്യങ്ങൾക്ക് വിഘ്നം വരുത്താതെ നിർബ ന്ധമായും പങ്കെടുക്കേണ്ടതാണെന്ന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.30 മണിക്ക് അവസാനിച്ചു.

സെക്രട്ടറി